"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ 9 തസ്തികകളിൽ കരാർ/ദിവസവേതനവുമായി ബന്ധപ്പെട്ട് വിജ്ഞാപനം നടത്തി കരാർ നിയമനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.113/2025/ENVT തീയതി,തിരുവനന്തപുരം, 31-10-2025

---

പരാമർശം:- 1. 09.07.2019 തീയതിയിലെ സ.ഉ (അച്ചടി) നമ്പർ.81/2019/ധന.

2. 23.07.2025 തീയതിയിലെ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ കെ.എസ്.ബി.ബി/A1/9879/2022 നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ വിവിധ പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനും ഏകോപനത്തിനുമായി ബോർഡ് ആസ്ഥാന മന്ദിരത്തിലും ജൈവവൈവിധ്യ മ്യൂസിയത്തിലും, പ്രോജെക്ട് ജീവനക്കാരെയും എല്ലാ ജില്ലകളിലും ജില്ലാ കോർഡിനേറ്റർമാരെയും നിയമിച്ചു വരുന്നുവെന്നും ഇപ്രകാരം 9 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ മൂന്ന് വർഷത്തെ സേവന കാലാവധി 2025 സെപ്റ്റംബർ, നവംബർ, ഡിസംബർ മാസങ്ങളിൽ പൂർത്തിയാകുന്നതിനാലും ഈ ഒഴിവുകളിൽ കാലാവധി തീരുന്ന മുറക്ക് വിജ്ഞാപനം നടത്തി കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുക എന്നത് പ്രാവർത്തികമല്ലാത്തതിനാലും പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് 2025 സെപ്റ്റംബർ മാസത്തിൽ തന്നെ നിയമന പ്രക്രിയ പൂർത്തിയാകുന്ന രീതിയിൽ നടപടികൾ സ്വീകരിക്കുവാൻ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം (2) കത്ത് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ശിപാർശ പ്രകാരമുള്ള Senior Research Officer (2 Nos), Research Officer (3 Nos), Research Assistant (2 Nos), Graphic Designer (1 No), Computer Programmer (1 No), Data Entry Operator (2 Nos), Inward Clerk (1 No), District Coordinator (6 Nos), Accounts Officer (1 No) എന്നീ 9 തസ്തികകളിൽ പരാമർശം (1) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി വിജ്ഞാപനം നടത്തി കരാർ നിയമനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൽ.റ്റി.സന്തോഷ് കുമാർ
അഡിഷണൽ സെക്രട്ടറി

To

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
2. ധനകാര്യ (പി യു സി) വകുപ്പ് (06.10.2025-ലെ PU-C2/176/2025-Fin)

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള
4. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ENVT-A1/202/2024-ENVT)

ഉത്തരവിൻ പ്രകാരം

Signed by
Nalan A T
Date: 31-10-2025 15:59:17

സെക്ഷൻ ഓഫീസർ